**<u>പതിമൂന്നാം കേരള നിയമസഭ</u>**

**<u>പത്താം സമ്മേളനം</u>**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3922** | **31-01-2014 ലെ മറുപടിയ്ക്ക്**

**<u>മംഗല്യ നിധി ശേഖരിക്കുന്ന നടപടി ക്രമം</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| **ശ്രീ. കോടിയേരി ബാലകൃഷ്ണൻ :** | **ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
| എ) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച മംഗല്യ നിധിയിൽ ഇതിനകം എത്ര തുക ശേഖരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ; | എ) 31-12-2013 വരെ മംഗല്യനിധി സെസ്സായി 1.68 കോടി രൂപ ശേഖരിച്ചിട്ടുണ്ട്. |
| ബി) മംഗല്യനിധി ശേഖരിക്കുന്ന നടപടിക്രമം വിശദമാക്കുമോ ; | ബി) ത്രീ സ്റ്റാർ മുതലുള്ള ഹോട്ടലുകളിലോ ഡയനിംഗ് ഹാൾ ഉൾപ്പെടെ 500-ൽ കൂടുതൽ ഇരിപ്പിട സൗകര്യമുള്ള ആഡിറ്റോറിയത്തിലോ, ഹാളുകളിലോ വച്ച് വിവാഹമോ അനുബന്ധ ആഘോഷമോ നടത്തുന്നവരിൽനിന്നാണ് നിലവിൽ ടി സെസ്സ് ഈടാക്കുന്നത്. മേൽ നിബന്ധനയുടെ പരിധിയിൽ വരുന്ന ഹോട്ടൽ, ആഡിറ്റോറിയം എന്നിവയുടെ പ്രൊപ്രൈറ്റർമാർ വാണിജ്യനികുതി വകുപ്പിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇവർ വിവാഹമോ, അനുബന്ധ ആഘോഷങ്ങൾക്കോ ഉള്ള വാടക/ ചാർജ്ജ് ഏത് കക്ഷിയിൽനിന്നാണോ ഈടാക്കുന്നത് അയാളിൽ നിന്നും നിശ്ചിത നിരക്കിൽ മംഗല്യനിധി സെസ്സ് പിരിച്ചെടുത്ത് സർക്കാർ ഖജനാവിൽ അടയ്ക്കേണ്ടതാണ്. |
| സി) മംഗല്യ നിധിയിൽ നിന്ന് ഇതിനകം എത്ര പേർക്ക് എത്ര രൂപ വീതം വിതരണം ചെയ്തിട്ടുണ്ടെന്നും ആർക്കൊക്കെയാണ് നൽകിയിട്ടുള്ളതെന്നും വിശദമാക്കാമോ ? | സി) മംഗല്യനിധിയിൽനിന്നും ഇതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ